**പതിനാലാം കേരള നിയമസഭ**
**പതിനഞ്ചാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ **2146** **13.06.2019**- ൽ മറുപടിയ്ക്ക്

## വൃദ്ധസദനങ്ങൾ

ചോദ്യം | മറുപടി

ശ്രീ.ഒ.ആർ.കേളു.

കെ.കെ.ശൈലജ ടീച്ചർ
(ആരോഗ്യവും സാമൂഹ്യനീതിയും
വനിത-ശിശുവികസനവും
വകുപ്പ് മന്ത്രി.)

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്തുള്ള വൃദ്ധസദനങ്ങളുടെ എണ്ണം വിശദമാക്കാമോ; | (എ) | സർക്കാർ വൃദ്ധസദനങ്ങൾ: 16<br>ഓർഫനേജ് കൺട്രോൾ ബോർഡിന്റെ അംഗീകാരത്തോട് കൂടി പ്രവർത്തിയ്ക്കുന്നവ: 597<br>ആകെ: 613 |
| (ബി) | കഴിഞ്ഞ മൂന്ന് വർഷത്തിനിടയിൽ ഇവയുടെ എണ്ണത്തിൽ വർദ്ധനവുണ്ടായിട്ടുണ്ടോ; | (ബി) | ഓർഫനേജ് കൺട്രോൾ ബോർഡിന്റെ അംഗീകാരത്തോടെ പ്രവർത്തിയ്ക്കുന്ന സ്ഥാപനങ്ങളുടെ എണ്ണത്തിൽ വർദ്ധനവുണ്ടായിട്ടുണ്ട്. |
| (സി) | വൃദ്ധസദനങ്ങളിലെ അന്തേവാസികളുടെ എണ്ണം ജില്ലതിരിച്ച് നൽകാമോ; | (സി) | (പട്ടിക താഴെ) |

| ക്രമ നം. | ജില്ല | അന്തേവാസികളുടെ എണ്ണം |
|---|---|---|
| 1 | തിരുവനന്തപുരം | 1152 |
| 2 | കൊല്ലം | 1185 |
| 3 | പത്തനംതിട്ട | 687 |
| 4 | ആലപ്പുഴ | 795 |
| 5 | കോട്ടയം | 2686 |
| 6 | എറണാകുളം | 3266 |

<table>
<tr>
<td></td>
<td></td>
<td></td>
<td>
<table>
<tr><td>7</td><td>തൃശ്ശൂർ</td><td>2673</td></tr>
<tr><td>8</td><td>മലപ്പുറം</td><td>238</td></tr>
<tr><td>9</td><td>കോഴിക്കോട്</td><td>789</td></tr>
<tr><td>10</td><td>കണ്ണൂർ</td><td>1438</td></tr>
<tr><td>11</td><td>ഇടുക്കി</td><td>863</td></tr>
<tr><td>12</td><td>പാലക്കാട്</td><td>1102</td></tr>
<tr><td>13</td><td>വയനാട്</td><td>440</td></tr>
<tr><td>14</td><td>കാസർകോട്</td><td>479</td></tr>
</table>
</td>
</tr>
<tr>
<td>(ഡി)</td>
<td>വൃദ്ധസദനങ്ങളിലെ അന്തേവാസികളുടെ ക്ഷേമത്തിനായി നടപ്പിലാക്കുന്ന പ്രവർത്തനങ്ങൾ വിശദമാക്കാമോ?</td>
<td>(ഡി)</td>
<td><u>സർക്കാർ വൃദ്ധസദനങ്ങളിലെ താമസക്കാരുടെ ക്ഷേമത്തിനായി നടപ്പിലാക്കുന്ന പദ്ധതികൾ</u><br>
• മ്യൂസിക് തെറാപ്പി,<br>
• മുതിർന്ന പൗരന്മാർക്ക് രക്തത്തിലെ ഗ്ലൂക്കോസിന്റെ അളവ് കൃത്യമായും പതിവായും നിരീക്ഷിക്കുന്നതിന് ഗ്ലൂക്കോമീറ്റർ സൗജന്യമായി നൽകുന്ന വയോമധുരം പദ്ധതി,<br>
• അന്തേവാസികളുടെ ആയുർവേദ ചികിത്സക്കായിട്ടുള്ള വയോ അമൃതം പദ്ധതി<br>
• വയോജനങ്ങൾക്ക് പകൽ സമയം ഉല്ലാസപൂർവം ചെലവഴിക്കുന്നതിനും സ്വയം തൊഴിൽ പരിശീലിക്കുന്നതിനും ആരംഭിച്ചിട്ടുള്ള Participatory Egger Nursery Programme,<br>
• അന്തേവാസികളുടെ ശാരീരിക മാനസികാരോഗ്യത്തിനായി നടപ്പാക്കുന്ന യോഗാ തെറാപ്പി,<br>
• സംസ്ഥാനത്തെ വൃദ്ധസദനങ്ങളെ ദേശീയ നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിന് ആവിഷ്കരിച്ചിട്ടുള്ള സെക്കന്റ് ഇന്നിംഗ്സ് പ്രോജക്ട്,<br>
• ബാംഗ്ലൂർ നിംഹാൻസുമായി ചേർന്ന് നടപ്പാക്കുന്ന Psychosocial Care in Elderly Persons in Old Age Homes<br>
•</td>
</tr>
</table>

| | | | |
|---|---|---|---|
| | | | **<u>ഓർഫനേജ് കൺട്രോൾ ബോർഡിന്റെ അംഗീകാരത്തോടെ പ്രവർത്തിക്കുന്ന വൃദ്ധസദനങ്ങളിലെ താമസക്കാരുടെ ക്ഷേമത്തിനായി നടപ്പിലാക്കുന്ന പദ്ധതികൾ</u>**<br>• ഗ്രാന്റിന് അർഹതയുള്ള ക്ഷേമസ്ഥാപനങ്ങളിൽ വയോജനങ്ങളെ സംരക്ഷിക്കുന്നതിനായി ഒരു അന്തേവാസിക്ക് പ്രതിമാസം 1100/- രൂപ നിരക്കിൽ സ്ഥാപനങ്ങൾക്ക് ഗ്രാന്റ് നൽകുന്നു.<br>• ക്ഷേമസ്ഥാപനങ്ങളെ മുൻഗണനാ പട്ടികയിൽ ഉൾപ്പെടുത്തി അരിയും ഗോതമ്പും നൽകുന്നു.<br>• ക്ഷേമസ്ഥാപനങ്ങളിലെ താമസക്കാർക്ക് കൗൺസിലിംഗ് നൽകുന്നതിനായി കരാർ വ്യവസ്ഥയിൽ 40 കൗൺസിലർമാരെ നിയമിച്ചിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**